ഇതിൽ പ്രധാനമായും കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന നെൽകർഷകരുടെ ഉന്നമനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികളാണുള്ളത്. ഈ പദ്ധതിപ്രകാരം പുതിയ കറവപശുക്കളെ വാങ്ങുന്നതിനും കന്നുകുട്ടികളുടെ പരിപാലന പദ്ധതിക്കും കൃത്രിമ ബീജസങ്കലനം സൗജന്യമായി നൽകുന്നതിനും വന്ധ്യതാ നിവാരണ ക്യാമ്പ് സംഘടിപ്പിക്കുന്നതിനുമാണ് തുക ഉൾക്കൊള്ളിച്ചിട്ടുള്ളത്.

വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്ന പശുക്കൾ

89 (4440) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരോത്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ വിദേശത്തു നിന്നും പശുക്കളെ ഇറക്കുമതി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെ നിന്നാണെന്നും ഏതു തരം പശുക്കളാണെന്നും വിശദവിവരം വ്യക്തമാക്കുമോ ;

(ബി) ഇറക്കുമതി ചെയ്യുന്ന പശുക്കൾക്ക് കേരളത്തിലെ കാലാവസ്ഥയോട് പൊരുത്തപ്പെടാൻ കഴിയുമെന്ന് കരുതുന്ന കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇറക്കുമതി ചെയ്യുന്ന പശുക്കളെ എവിടെ വളർത്താനും പ്രജനനത്തിനായി എന്തൊക്കെ ചെയ്യാനുമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ - സി) നിലവിലുള്ള നിയമം അനുസരിച്ച് പശുക്കളെ വിദേശത്തു നിന്ന് ഇറക്കുമതി ചെയ്യാൻ സാധ്യമല്ല. എന്നാൽ കേന്ദ്രസർക്കാരിന്റെ അനുവാദത്തോടെ അത്യുല്പാദന ശേഷിയുള്ള ബീജവും ഭ്രൂണവും ഇറക്കുമതി ചെയ്യാൻ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ അതിനാവശ്യമായ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പുതിയ ജനുസ്സുകൾ വ്യാപകമാക്കാൻ നടപടി

90 (4441) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പുതിയ ജനുസ്സുകൾ സംസ്ഥാനത്ത് വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly